**ചരമോപചാരം**

മി. സ്പീക്കർ: മുൻനിയമസഭാംഗം പ്രതാപവർമ്മ തമ്പാൻ 2022 ആഗസ്റ്റ് 4-നും മുൻമന്ത്രി ആർ. സുന്ദരേശൻ നായർ 2022 ആഗസ്റ്റ് 11-നും അന്തരിച്ചു.

ജി. പ്രതാപവർമ്മ തമ്പാൻ

മുൻ എം.എൽ.എ.-യും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന ജി. പ്രതാപവർമ്മ തമ്പാൻ 2022 ആഗസ്റ്റ് 4-ാം തീയതി അന്തരിച്ചു. സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന മുല്ലവനം പി. ഗോപാലപണിക്കർ, കെ.ഭാരതി ദമ്പതികളുടെ മകനായി 1959 സെപ്റ്റംബർ 20-ന് കുണ്ടറയ്ക്ക് സമീപം പേരൂരിൽ പ്രതാപവർമ തമ്പാൻ ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.യു.-വിലൂടെ രാഷ്ട്രീയ രംഗത്ത് എത്തിയ അദ്ദേഹം സംഘടനയുടെ എസ്.എൻ. കോളേജ് യൂണിറ്റ് സെക്രട്ടറി, കൊല്ലം താലൂക്ക് പ്രസിഡന്റ്, കൊല്ലം ജില്ലാ സെക്രട്ടറി, സംസ്ഥാന ട്രഷറർ, ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

പതിനൊന്നാം കേരള നിയമസഭയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച പ്രതാപവർമ്മ തമ്പാൻ, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, കൊല്ലം ഡി.സി.സി.

പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. കേരള സർവകലാശാല സെനറ്റ് അംഗമായും പ്രവർത്തിച്ച അദ്ദേഹം കെ.പി.സി.സി. ജനറൽ സെക്രട്ടറിയും പേരൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റും ആയിരിക്കെയാണ് അന്തരിച്ചത്.

സർവ്വസമ്മതനായ പൊതുപ്രവർത്തകനെയും പരിശ്രമശാലിയായ ഒരു നേതാവിനെയുമാണ് ജി. പ്രതാപവർമ്മ തമ്പാന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## ആർ. സുന്ദരേശൻ നായർ

മുൻമന്ത്രി ആർ. സുന്ദരേശൻ നായർ 2022 ആഗസ്റ്റ് 11-ന് അന്തരിച്ചു. നെയ്യാറ്റിൻകര മരുതത്തൂർ മഞ്ചത്തല വിട്ടീൽ എം. രാഘവൻ നായർ - കമലമ്മ ദമ്പതികളുടെ മകനായി 1940 ഏപ്രിൽ 22-ന് ജനിച്ച അദ്ദേഹം ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം അദ്ധ്യാപന രംഗത്തിറങ്ങി. തിരുവനന്തപുരത്തെ പ്രശസ്തമായ സമാന്തര വിദ്യാഭ്യാസ സ്ഥാപനമായ വിക്ടറി ട്യൂട്ടോറിയൽ കോളേജിന്റെ സ്ഥാപകനും അദ്ധ്യാപകനുമായിരുന്നു. കെ.എസ്.ആർ.ടി.സി. ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റായിരിക്കെ എൻ.എസ്.എസ്.-ലൂടെയാണ് അദ്ദേഹം

പൊതുരംഗത്ത് എത്തിയത്.

എൻ.ഡി.പി.-യുടെ സ്ഥാനാർത്ഥിയായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് അഞ്ചും ആറും കേരള നിയമസഭകളിലേയ്ക്ക് ആർ. സുന്ദരേശൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. ആറാം കേരള നിയമസഭയുടെ കാലയളവിൽ 1981 ഡിസംബർ 28 മുതൽ 1982 മാർച്ച് 17 വരെ കരുണാകരൻ മന്ത്രിസഭയിൽ ആരോഗ്യ, ടൂറിസം വകുപ്പുമന്ത്രിയായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. കേരള സർവ്വകലാശാല സെനറ്റംഗമായും പി.എസ്.സി. അംഗമായും പ്രവർത്തിച്ച അദ്ദേഹത്തിന് മന്ത്രി സ്ഥാനമൊഴിഞ്ഞശേഷം വിദേശത്ത് ജോലി ചെയ്ത രാഷ്ട്രീയ നേതാവെന്ന അപൂർവതയുമുണ്ട്. തെരഞ്ഞെടുപ്പുകൾ വരുത്തിയ സാമ്പത്തിക ബാധ്യതമൂലമാണ് അദ്ദേഹത്തിന് വിദേശത്ത് ജോലിക്ക് പോകേണ്ടിവന്നത്.

ജീവിതത്തിലുടനീളം കർമ്മനിരതനായിരുന്ന ഒരു മികച്ച പൊതുപ്രവർത്തകനെയാണ് ആർ. സുന്ദരേശൻ നായരുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)